(2) എക്സ്റ്റേണൽ സർവീസസ് ആന്റ് റോഡ്സ്—18% പൂർത്തിയായി

(3) ഓഫീസേഴ്സ് മാരീഡ് അക്കോമഡേഷൻ—8% പൂർത്തിയായി

(4) ഫിസിക്കൽ ട്രൈനിംഗ് ആന്റ് ഇ.ബി.എ. കോംപ്ലക്സ്—6% പൂർത്തിയായി.

ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടറുകൾ ഈ സാമ്പത്തിക വർഷം തന്നെ നൽകുന്നതാണ്. നാവിക അക്കാഡമിയുടെ നിർമ്മാണം 2005 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി

9 [5152] ശ്രീ. പിരപ്പൻകോട് മുരളി:
„ ടി. പി. രാമകൃഷ്ണൻ:
„ എ. കെ. ബാലൻ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നും ഇതിനായി പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരത്തെ ഫോറൻസിക് ലബോറട്ടറിയിൽ ഉണ്ടായ സ്ഫോടനം സംബന്ധിച്ച് ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷന്റെ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫോറൻസിക് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിലേക്കായി ജി. ഒ.(ആർടി.) 3593/01/ആഭ്യന്തരം തീയതി 15-10-2001-ലെ ഭരണ നിർവഹണ അനുമതി ഉത്തരവിൻപ്രകാരം 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ്' സ്കീമിൽനിന്ന് 15 ലക്ഷം രൂപ ലബോറട്ടറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലേക്കും 15 ലക്ഷം രൂപ ലൈബ്രറി സൗകര്യം ആധുനികവൽക്കരിക്കുന്നതിലേക്കും അനുവദിക്കുകയുണ്ടായി. ഇതിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ലൈബ്രറി വികസനവുമായി ബന്ധപ്പെടുത്തി 25 സ്റ്റീൽ അലമാരകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചു. ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ വാങ്ങുന്നതിലേക്ക് ആവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഈ പദ്ധതിപ്രകാരം ഒരു ഫോട്ടോകോപ്പിയർ മെഷീൻ, 6 എ. സി., ഒരു ഡാറ്റാ പ്രൊജക്ഷൻ ഉപകരണം, ഒരു കമ്പാരിസൺ മൈക്രോ സ്കോപ്പ്, ഒരു അഡ്വാൻസ്ഡ് ഇൻസ്ട്രുമെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻ എന്നിവയും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ 11-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ 53 ലക്ഷം രൂപ സംസ്ഥാന ഫോറൻസിക് ലബോറട്ടറി ആസ്ഥാനമന്ദിരത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും 204 ലക്ഷം രൂപ 17 മൊബൈൽ ലബോറട്ടറികൾ വിപുലീകരിക്കുന്നതിലേക്കും വേണ്ടി നീക്കിവച്ചിട്ടുണ്ട്. ഇതനുസരിച്ച് 17 മാരുതി ഓമ്നി വാനുകൾ, മൊബൈൽ ലബോറട്ടറികളിലേക്ക് ആവശ്യമായ ഗ്ലാസ് ഉപകരണങ്ങൾ, 17 സും സ്റ്റീരിയോ മൈക്രോസ്കോപ്പ്, 17 വാകം ക്ലീനേഴ്സ് എന്നിവ ടി പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്.

(സി) രാജേന്ദ്രബാബു കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കമ്മീഷൻ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

(1) സ്ഫോടക വസ്തുക്കൾ പരിശോധിക്കുന്നതിലേക്കായി ജി. ഒ. (ആർടി.)863/03/ആഭ്യന്തരം തീയതി 9-5-2003 പ്രകാരം എക്സ്പ്ലോസീവ് ഡിവിഷൻ ആരംഭിച്ചു.

(2) ലബോറട്ടറിയിലേക്ക് മാത്രമായി സെക്യൂരിറ്റി വിഭാഗം ഏർപ്പെടുത്തിയിട്ടുണ്ട്.

(3) ലബോറട്ടറിയിലെ സ്റ്റാഫ് ഒഴികെ പുറത്തുനിന്നുള്ളവരെ റിസപ്ഷൻ കൗണ്ടറിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഒപ്പുവച്ചതിന് ശേഷം മാത്രമേ മുകളിലത്തെ നിലയിൽ പ്രവേശിപ്പിക്കുകയുള്ളൂ.

(4) ഭരണനിർവഹണ നിയന്ത്രണം പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ക്രൈംസ്) ലിൽനിന്നും ഡി.ജി.പി.-യിലേക്ക് മാറ്റി.

(5) ടി കമ്മീഷൻ നിർദ്ദേശപ്രകാരം സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ലബോറട്ടറി തുറക്കുന്നതിനും അടയ്ക്കുന്നതിനും ഉപയോഗിക്കുന്ന താക്കോൽ പി. എച്ച്. ക്യൂ.-വിലെ സെക്യൂരിറ്റി വിഭാഗത്തിലാണ് ഏൽപ്പിക്കുന്നത്.

(6) കെമിസ്ട്രി ഡിവിഷനും, ബയോളജി ഡിവിഷനും, എക്സ്പ്ലോസീവ് ഡിവിഷനും പ്രത്യേകം പ്രത്യേകം റൂമുകൾ രൂപീകരിച്ചിട്ടുണ്ട്.

(7) ഇത് സംബന്ധമായി സർക്കാരും ഡി. ജി. പി.-യും നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിൽ മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറി ഹാൾ, ലക്ചർ ഹാൾ എന്നിവ താഴത്തെ നിലയിലേക്ക് മാറ്റണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പി. എച്ച്. ക്യു.-വിനുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന പി. എച്ച്. ക്യു.-വിന്റെ റിക്കോർഡ് വിഭാഗം മാറ്റി കമ്മീഷൻ നിർദ്ദേശപ്രകാരം ലൈബ്രറി ഹാൾ, ലക്ചർ ഹാൾ എന്നിവ താഴത്തെ നിലയിൽ പ്രവർത്തിപ്പിക്കുന്നതാണ്.

ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും

10 [5153] ശ്രീ.മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിക തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന്റെ ഭാഗമായി എത്ര ഐ.എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഐ.എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥരുടെ ശമ്പളം, റ്റി. എ., ഡി. എ., മറ്റ് അലവൻസുകൾ എന്നിവയിൽ സർക്കാർ ദുർവ്യയം ഒഴിവാക്കലിന്റെ ഭാഗമായി എന്തു തുക വെട്ടിക്കുറച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥർ ഓരോരുത്തരും 2003 വർഷത്തിൽ ഓരോ മാസവും വാങ്ങിയ ശമ്പളം, മറ്റ് അലവൻസുകൾ, യാത്രകൾ സംബന്ധിച്ച ബജനാവിൽ നിന്നും അവർ ചുമതല വഹിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ തുക ഉൾപ്പെടെയുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഐ. എ. എസ്.-ൽ ചീഫ് സെക്രട്ടറി ഗ്രേഡിൽ 2 എക്സ് കേഡർ തസ്തികകളും, ഐ. പി. എസ്.-ൽ ഡി. ജി. പി. ഗ്രേഡിൽ രണ്ട് എക്സ് കേഡർ തസ്തികകളും ഐ. എഫ്. എസ്.-ൽ പി. സി. സി. എഫ്. ഗ്രേഡിൽ ഒരു എക്സ് കേഡർ തസ്തികയും അഡീഷണൽ പി. സി. സി. എഫിന്റെ ഒരു എക്സ് കേഡർ തസ്തികയും വെട്ടിക്കുറച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

ഭരണപരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട്

11 [5154] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ നിയമിച്ച ഭരണ പരിഷ്കാര കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly